ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും എസ്. എസ്. എൽ.സി.ക്ക് ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

(ബി) പ്രധാനമായും ജില്ലാ മെറിറ്റ് സ്കോളർഷിപ്പും നാഷണൽ മെറിറ്റ് സ്കോളർഷിപ്പുമാണ് നൽകുന്നത്.

(സി) മുൻ വർഷങ്ങളിൽ ടി സ്കോളർഷിപ്പുകൾ അനുവദിക്കപ്പെട്ടവരുടെ/അർഹതയുള്ളവരുടെ കുറഞ്ഞ മാർക്കുകൾ താഴെ കൊടുത്തിരിക്കുന്നു:

| കൊല്ലം | ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് | നാഷണൽ മെറിറ്റ് സ്കോളർഷിപ്പ് |
|---|---|---|
| 1998 മാർച്ച് | 572 | 536 |
| 1999 | 577 | 541 |
| 2000 | 574 | 545 |
| 2001 | 572 | 546 |
| 2002 | 577 | 554 |

2003,2004 വർഷത്തേക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി ആൻറ് ഇ) ഈ വർഷം (2005) മുതൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ടി സ്കോളർഷിപ്പുകൾ തുടർന്ന് അനുവദിക്കുന്നതിനുള്ള മാനദണ്ഡം തീരുമാനിക്കപ്പെടേണ്ടതാണ്.

## ഐ. ടി. അറ്റ് സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

48 [2351] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി;

(സി) ഈ കാലയളവിൽ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ ഏതെല്ലാം;

(ഡി) ഐ. ടി. അറ്റ് സ്കൂളിൽ ഏത് സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്;

(ഇ) സ്വതന്ത്ര സോഫ്ട്വെയറിലേക്ക് മാറുന്നതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ചകൾ നടന്നിരുന്നോ;

(എഫ്) എങ്കിൽ തീരുമാനം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര സോഫ്ട്വെയർ സി.ഡി.കൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾക്ക് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ഐ. ടി. പഠനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുക.

2. കമ്പ്യൂട്ടർ ഉപയോഗിച്ച ക്ലാസ് മുറികളിൽ ഐ. ടി. പഠനക്രമം നിലവിൽ വരുത്താൻ അദ്ധ്യാപകരെ ശാക്തീകരിക്കുക.

3. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയനുസരിച്ചുള്ള ഐ. ടി. പ്രാപ്തിയും ശേഷിയും നൽകുന്നതിനുള്ള സൗകര്യമൊരുക്കുക.

4. അദ്ധ്യാപകരെ ഐ. ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക.

(ബി) 3 അദ്ധ്യയനവർഷം കഴിഞ്ഞു.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) പ്രധാനമായും പ്രൊപ്രൈറ്ററി സോഫ്റ്റ്വെയറും (വിൻഡോസ്/എം. എസ്. ഓഫീസ്) ഫ്രീ സോഫ്റ്റ് വെയറും (ജി.എൻ.യു. ലിനക്സ്/ഓപ്പൺ ഓഫീസ്) ഉപയോഗിക്കുന്നു.

(ഇ) നടത്തിയിരുന്നു.

(എഫ്) ഫ്രീ സോഫ്ട്വെയർ ഉപയോഗിച്ചുള്ള പരിശീലനവും പഠനവും ഘട്ടം ഘട്ടമായി എല്ലാ ഹൈസ്കൂളുകളിലും നടപ്പിലാക്കുമെന്നാണ് പ്രധാന തീരുമാനം.

(ജി) ഫ്രീ സോഫ്ട്വെയർ സി. ഡി.കൾ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വശിക്ഷാ അഭിയാൻ

49 [2352] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർവ്വശിക്ഷാ അഭിയാൻ ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഓരോ വർഷവും കേന്ദ്ര സർക്കാർ കേരളത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഇതിൽ നമുക്ക് ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly